മെഡിക്കൽ കോളേജുകളിലെ എൻ. ആർ. ഐ. ക്വാട്ടയിലെ സീറ്റുകൾ

142 [918] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ജി. കാർത്തികേയൻ :
,, ലൂഡി ലൂയിസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ പ്രവേശനത്തിന് എൻ. ആർ. ഐ. ക്വാട്ട അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എൻ. ആർ. ഐ. ക്വാട്ട എത്ര വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പ്രവേശനം ലഭിക്കുന്നവർ നൽകേണ്ട ഫീസ് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) കേരളാ സെൽഫ് ഫിനാൻസിംഗ്, പ്രൊഫഷണൽ കോളേജ് പൊഫിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീ ആന്റ് പ്രോസിക്യൂഷൻ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്, ആക്ട് 2004 (ആക്ട് 17 ഓഫ് 2004)-ലെ ക്ലോസ് 3(4)-ലെ വ്യവസ്ഥയനുസരിച്ച് സ്വാശ്രയ മെഡിക്കൽ കോളേജിലെ മാനേജ്മെന്റ് ക്വാട്ടയിലെ 15%-ൽ കവിയാത്ത സീറ്റുകൾ എൻ. ആർ. ഐ. വിഭാഗക്കാർക്ക് സംവരണം ചെയ്യാൻ വ്യവസ്ഥയുണ്ട്. ഈ സീറ്റുകൾ നികത്തുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളാണ് മാനേജ്മെന്റ് ക്വാട്ടയിൽ വിവിധ സ്വാശ്രയ കോളേജുകൾ നടത്തിയ അഡ്മിഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് സ്വാശ്രയ കോളേജിൽ പ്രവേശനം നേടുന്നവർ പ്രതിവർഷ ഫീസായി 1,13,000 രൂപയാണ് 2004-05 അദ്ധ്യയന വർഷം മുതൽ നൽകേണ്ടത്. എൻ. ആർ. ഐ. വിഭാഗക്കാർ നൽകുന്ന ഫീസ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലേയും, മെഡിക്കൽ കോളേജ് ആശുപത്രിയിലെയും ഒഴിവുകൾ

143 [919] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും സർക്കാർ സാങ്ഷൻ നല്കിയിട്ടുള്ള ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly